"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് കേന്ദ്രാവിഷ്കൃത പദ്ധതി- പോഷൺ അഭിയാൻ പദ്ധതി നടത്തിപ്പിനായുള്ള 2024-25 സാമ്പത്തിക വർഷത്തെ ഒന്നാമത്തെയും രണ്ടാമത്തെയും ഗഡു കേന്ദ്ര സംസ്ഥാന വിഹിതം തുക SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിതാ ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.422/2024/WCDD തീയതി,തിരുവനന്തപുരം, 06-11-2024

പരാമർശം:-

1. സ.ഉ(സാധാ) നം. 3449/2023/ധന തീയതി 05/05/2023.
2. കേന്ദ്ര സർക്കാരിന്റെ 28/09/2024 ലെ PA/125/2023-CPMU(E-106403) നമ്പർ കത്ത്
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 07/10/2024 ലെ DWCD/6581/2022-SA1 NNM നമ്പർ കത്ത്.
4. സ.ഉ(സാധാ) നം. 8050/2024/ധന തീയതി 29/10/2024.
5. സ.ഉ(സാധാ) നം. 8051/2024/ധന തീയതി 29/10/2024.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൺ അഭിയാൻ പദ്ധതി നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷത്തെ ഒന്നാമത്തെയും രണ്ടാമത്തെയും ഗഡു കേന്ദ്ര വിഹിതമായ 60% തുക പരാമർശം (2) പ്രകാരം അനുവദിച്ചിട്ടുണ്ട്.

2) നടപ്പ് സാമ്പത്തിക വർഷത്തിൽ 60:40 എന്ന അനുപാതത്തിൽ പോഷൺ അഭിയാൻ നടപ്പിലാക്കുന്നതിനു കേന്ദ്ര-സംസ്ഥാന വിഹിതം വകയിരുത്തുന്നതിലേക്ക് പരാമർശം (1) പ്രകാരം അനുവദിച്ച ശീർഷകങ്ങളിൽ 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതം തുക വകയിരുത്തിയിട്ടില്ല. പദ്ധതിക്കായി മുൻവർഷങ്ങളിൽ തുക വകയിരുത്തിയിരുന്ന 2235-02-102-28-01 (P), 2235-02-102-28-02 (P) ശീർഷകങ്ങളിൽ യഥാക്രമം 15 കോടി (central share), 10 കോടി (state share) രൂപ 2024-25 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. 2235-02-102-28-01 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 15,00,00,000/- രൂപ പദ്ധതിക്കായി പുതുതായി അനുവദിച്ച 2235-02-102-16-01-(P) (60% Central Share) ശീർഷകത്തിലേക്കും, 2235-02-102-28-02 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10,00,00,000/- രൂപ പദ്ധതിക്കായി പുതുതായി അനുവദിച്ച 2235-02-102-16-02 (P) (40% State Share) ശീർഷകത്തിലേക്കും റീ അപ്രോപ്രിയേഷൻ അനുവദിച്ച് തുക വകയിരുത്തുന്നതിനും അഡീഷണൽ ആതറൈസേഷൻ വഴി 3064.99 ലക്ഷം രൂപ 2235-02-102-16-01-(P) (60% Central Share) ശീർഷകത്തിലേക്കും 2043.33 ലക്ഷം രൂപ 2235-02-102-16-02 (P) (40% State Share) ശീർഷകത്തിലേക്കും

വകയിരുത്തുന്നതിനും പരാമർശം (3) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4 ) പ്രകാരം റീ അപ്രോപ്രിയേഷൻ അനുവദിച്ചും പരാമർശം (5 ) പ്രകാരം അഡീഷണൽ ആതറൈസേഷൻ അനുവദിച്ചും തുക വകയിരുത്തിയിട്ടുണ്ട്. പോഷൺ അഭിയാൻ പദ്ധതി നടത്തിപ്പിനായി 2024-25 വർഷത്തെ ഒന്നാമത്തെയും രണ്ടാമത്തെയും ഗഡു കേന്ദ്ര വിഹിതമായ 45,64,99,000/- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ 30,43,32,667/- രൂപയും [ആകെ 76,08,31,667/- രൂപ] ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ബന്ധപ്പെട്ട ശിർഷകങ്ങളിൽ നിന്നും റിലീസ് ചെയ്ത് SNA അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ഇനം | ശീർഷകം | തുക (₹) | |
|---|---|---|---|
| കേന്ദ്ര വിഹിതം | 2235-02-102-16-01 | 45,64,99,000 | |
| സംസ്ഥാന വിഹിതം | 2235-02-102-16-02 | 30,43,32,667 | |
| | | **ആകെ തുക** | **76,08,31,667** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [WCD-1/116/2024-FIN (E:2787723) ]
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 06-11-2024 14:06:26